**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2243** **03-03-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് മദ്യ നിർമാണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമാക്കി മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനി അപേക്ഷ നൽകിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിതവിദേശ മദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനായി ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത യൂണിറ്റിന് ആവശ്യമായ വെള്ളം എപ്രകാരം ലഭ്യമാക്കുമെന്നാണ് കമ്പനി അപേക്ഷയിൽ പറയുന്നത്; പ്രസ്തുത അവകാശവാദം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത യൂണിറ്റിന് ആവശ്യമായ വെള്ളം KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായി കമ്പനിയുടെ അപേക്ഷയിൽ പറയുന്നുണ്ട്. കൂടാതെ Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മദ്യനിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി ഒയാസിസ് കമ്പനിയെ തെരെഞ്ഞെടുത്ത പ്രക്രിയ വ്യക്തമാക്കാമോ? | (സി) | 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുമെന്നും ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് മദ്യ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ അനുമതിയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ